കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തി ഇരവിപുരം നിയോജക മണ്ഡലത്തിൽ കൊല്ലം ജില്ലാ സ്റ്റേഡിയമായ ഒളിമ്പ്യൻ സുരേഷ് ബാബു സ്റ്റേഡിയം നിർമ്മിക്കുന്നതിന് 40 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഇൻഡോർ സ്റ്റേഡിയം, ബോയ്സ് ഹോസ്റ്റൽ, ചെയിഞ്ച് റൂം സൗകര്യങ്ങൾ, നിലവിലെ നീന്തൽക്കുളത്തിന്റെ നവീകരണം എന്നീ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 400 മീറ്റർ 8 ലെയൻ സിന്തറ്റിക് ട്രാക്കിന്റെ ടെണ്ടർ ക്ഷണിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനം

281 (4669) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന-ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ചെയർമാനായ ബഹുമാനപ്പെട്ട കായിക വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം കൂടുകയും കൗൺസിലിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനങ്ങൾ ശക്തമാക്കുന്നത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലാ സ്പോർട്സ് കൗൺസിലുകളുടെയും പ്രസിഡന്റ്, സെക്രട്ടറിമാർ എന്നിവരുടെ യോഗം വിളിച്ചുകൂട്ടുകയും പ്രവർത്തനങ്ങൾ വിലയിരുത്തി, തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

(ബി) സംസ്ഥാന-ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ ഘടനയും സംഘാടനവും ചുമതലയും എന്തെല്ലാമാണ്?

2000-ലെ സ്പോർട്സ് ആക്ടിന്റെയും 2008-ലെ സ്പോർട്സ് ചട്ടത്തിന്റെയും അടിസ്ഥാനത്തിലാണ് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലും ജില്ലാ സ്പോർട്സ് കൗൺസിലുകളും പ്രവർത്തിച്ചുവരുന്നത്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഘടന ചുവടെ ചേർക്കുന്നു. ചെയർമാൻ-ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രി, പ്രസിഡന്റ്, വൈസ്-പ്രസിഡന്റ്, ജനറൽ ബോഡി അംഗങ്ങൾ, സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ, സെക്രട്ടറി, ജില്ലാ സ്പോർട്സ് കൗൺസിലുകൾ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ ഘടനയും സംഘാടനവും ചുമതലകളും ഉൾപ്പെടുത്തിയിട്ടുള്ള 2000-ലെ സ്പോർട്സ് ആക്ടിന്റെയും 2008-ലെ സ്പോർട്സ് ചട്ടത്തിന്റെയും പ്രസക്ത ഭാഗങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(സി) സ്പോർട്സ് അക്കാദമികൾ രജിസ്റ്റർ ചെയ്യുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്ത അക്കാദമികളെ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുമോ?

ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ കീഴിൽ സ്പോർട്സ് അക്കാഡമികൾ രജിസ്റ്റർ ചെയ്യുന്നില്ല.

(ഡി) വലിയ തുക ഫീസീടാക്കി കച്ചവട താൽപ്പര്യത്തോടെ സ്പോർട്സ് അക്കാദമികൾ രൂപീകരിക്കുന്നുണ്ടോയെന്നും കായികേതര പ്രവർത്തനങ്ങളിലേയ്ക്ക് അക്കാദമികൾ കടക്കുന്നുണ്ടോയെന്നും പരിശോധിക്കാറുണ്ടോ?

ഇല്ല.

(ഇ) സ്പോർട്സ് കൗൺസിലുകൾക്ക് നൽകുന്ന ഫണ്ട്, അവയുടെ വിനിയോഗം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് 2021-22 സാമ്പത്തിക വർഷത്തിൽ 33,40,00,000 രൂപ പദ്ധതി വിഹിതമായും 16,24,38,000 രൂപ പദ്ധതിയേതര വിഹിതമായും കൃഷ് അവാർഡ് നൽകുന്നതിനായി നോൺ പ്ലാൻ ഹെഡിൽ 1,50,00,000 രൂപയും വകയിരുത്തിയിട്ടുണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പ്ലാൻ ഫണ്ടിൽനിന്നും ചുവടെ പറയുന്ന ഫണ്ടുകൾ ജില്ലാസ്പോർട്സ് കൗൺസിലുകൾക്ക് അനുവദിച്ചുവരുന്നുണ്ട്.

1. ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ ദൈനംദിന ചെലവുകൾക്കായി അഡ്മിനിസ്ട്രേഷൻ ഗ്രാന്റ് ഇനത്തിൽ 15,000 രൂപ വീതം പ്രതിമാസം നൽകിവരുന്നു.

2. പ്രതിവർഷം ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ അധീനതയിലുള്ള ജില്ലാസ്പോർട്സ് അസോസിയേഷനുകൾക്ക് ഗ്രേഡ് അനുസരിച്ച് അസോസിയേഷൻ ഗ്രാന്റ് ഇനത്തിൽ 1 ലക്ഷം രൂപ വീതം നൽകിവരുന്നു.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.